
ഡി.ബി. എൽ. പി. എസ്
മാമ്പുഴത്തറ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# മുന്നോട്ട്.....

2025 - 26


D.B.L.P.S
MAMPAZHATHARA

# ആമുഖം

കൂടുതൽ മികവിലേക്ക് കൂടുതൽ പൂർണ്ണതയിലേക്ക് കൂടുതൽ നന്മയിലേക്ക് എന്നത് പുരോഗതിയുടെ അടിസ്ഥാനമാണ്. അത് വിദ്യാലയത്തിലും സംഭവിച്ചേ മതിയാകൂ. നിന്നിടത്ത് നിൽക്കാതെ ഭാവിയെക്കുറിച്ച് പ്രതീക്ഷ നിർഭരമായ കാഴ്ചപ്പാടിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം എങ്ങനെ ആയിത്തീരണമെന്ന് വിഭാവനം ചെയ്ത് അതിന്റെ ലക്ഷ്യത്തിനായി ചിട്ടയായ ഒരു ആസൂത്രണം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ സാർത്ഥകമാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ലക്ഷ്യമായ നമ്മുടെ പൊതു വിദ്യാലയങ്ങളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് വ്യക്തമായ പദ്ധതി ആസൂത്രണം ചെയ്യേണ്ടതുണ്ട്. സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികൾ അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുന്നത് നമ്മുടെ കാഴ്ചപ്പാടായി മാറുമ്പോൾ എല്ലാ മേഖലകളിലും ഏറെ വിദ്യാർത്ഥികൾക്കും പ്രത്യേകം പ്രത്യേകം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

ഇങ്ങനെ മികച്ച ഗുണനിലവാരത്തിലേക്ക് നമ്മുടെ വിദ്യാലയത്തെ മാറ്റുന്നതിന് വേണ്ടി ചിട്ടയായും വ്യക്തമായും ഒരു പദ്ധതി ആവിഷ്കരിച്ചേ മതിയാകൂ എന്ന് വരുമ്പോൾ അക്കാദമിക മാസ്റ്റർപ്ലാൻ എന്ന ചിന്തയിലേക്ക് നമ്മൾ എത്തിച്ചേരുന്നു.

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം - ഒന്നാവാം മുന്നേറാം നന്നാവാം

### ലക്ഷ്യങ്ങൾ

* ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട അറിവും കഴിവും അതത് ക്ലാസിൽ വച്ചുതന്നെ നേടിയെന്ന് ഉറപ്പാക്കുക.

* ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അതത് അവസരങ്ങളിൽ ആവശ്യമായ പഠനപിന്തുണ ഉറപ്പാക്കി പഠനത്തിൽ മുന്നേറാൻ പ്രാപ്തരാക്കുക.

* ജനാധിപത്യം, മതനിരപേക്ഷത, തുല്യത തുടങ്ങി ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളും പാഠ്യപദ്ധതി മുന്നോട്ടുവച്ച സാമൂഹിക മൂല്യങ്ങളും പൗരബോധവും കുട്ടികളിൽ ഉരുവാകുന്ന തരത്തിൽ പഠനപ്രക്രിയകളെ വികസിപ്പിക്കുക.

### പ്രവർത്തന വിശദാംശങ്ങൾ

* പൊതുവിഷയം - കുട്ടി അറിയേണ്ടത്, ലഹരിക്കെതിരെയുള്ള പ്രതിരോധം (ലഹരി ഉപയോഗത്തിനെതിരെയുള്ള മനോഭാവം)
* ട്രാഫിക് നിയമങ്ങൾ - റോഡ് സുരക്ഷ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.
* ഡിജിറ്റൽ അച്ചടക്കം - മൊബൈൽ ഫോൺ, ടാബ് തുടങ്ങിയ ഡിജിറ്റൽ ഉപകരണങ്ങൾ വിവേകത്തോടെയും വിവേചന ബുദ്ധിയോടെയും എങ്ങനെ ഉപയോഗിക്കണം.

* പൊതുമുതൽ സംരക്ഷണം - പൊതുമുതൽ എന്തുകൊണ്ട് സംരക്ഷിക്കപ്പെടണം, ക്യാമ്പസുകളിലെ പൊതുവായ കാര്യങ്ങൾ സംരക്ഷിക്കേണ്ടതിന്റെ അനിവാര്യത.
* പരസ്പര സഹകരണം - ക്യാമ്പസിനകത്തും പുറത്തും സാഹോദര്യത്തോടെ പെരുമാറേണ്ടത് സംബന്ധിച്ച ധാരണ കുട്ടികളിലുണ്ടാകുക.

→ കുട്ടികളെ അറിയുക, ഓരോ കുട്ടിയുടെയും ജീവിതസാ-
ഹചര്യം മനസ്സിലാക്കുക.

→ ഓരോ കുട്ടിയും ഭാഷ, ശാസ്ത്രം, ഗണിതം, സാങ്കേതിക വിദ്യാ-
പ്രയോഗം എവിടെ എത്തി നിൽക്കുന്നുവെന്നറിയുക.

→ കുട്ടികളുടെ ആർജ്ജിത അറിവ് ഇനി പഠിക്കേണ്ടത്
പഠനമേഖലകളുമായി ബന്ധിപ്പിക്കുന്നതിൽ എന്തെങ്കിലും പഠന-
വിടവുകളുണ്ടോ എന്നറിയുക.

ആമുഖ പ്രവർത്തനങ്ങൾക്കു ശേഷം (സ്കൂൾ ആരംഭത്തിൽ) പാഠ്യപദ്ധതിയുടെ ഭാഗമായ പാഠപുസ്തകങ്ങ-
ളിൽ ആശയങ്ങൾ അതാതു സമയങ്ങളിൽ ആഴത്തിൽ
കുട്ടികളെ പരിചയപ്പെടുത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസിലും കുട്ടി നേടേണ്ട അറിവും കഴിവും അതാത് ക്ലാസിൽ വച്ചുതന്നെ നേടി എന്നുറപ്പാക്കുക.<br>ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അതത് അവസരങ്ങളിൽ ആവശ്യമായ പഠനപിന്തുണ ഉറപ്പാക്കൽ<br>സാമൂഹ്യ മൂല്യങ്ങളും പൗരബോധ-വും കുട്ടികളിൽ ഉളവാക്കുന്ന തരത്തിൽ പഠനപ്രക്രിയ വികസിപ്പിക്കുന്നു | കുട്ടി അറിയേണ്ടത്<br>ലഹരിക്കെതിരെയുള്ള പ്രതിരോധം<br>ട്രാഫിക് നിയമങ്ങൾ<br>റോഡ് സുരക്ഷ.<br>ശുചിത്വം മാലിന്യസംസ്കരണം.<br>ആരോഗ്യ ശീലങ്ങൾ<br>ഡിജിറ്റൽ അച്ചടക്കം<br>പൊതുമുതൽ സംരക്ഷണം<br>പരസ്പര സഹകരണം<br>പൊതുബോധീകരണം.<br>പാഠപുസ്തക ആശയങ്ങൾ ആഴത്തിൽ പരിചയപ്പെടു-ത്തൽ. | 3.06.25<br>13.06.25<br>1 വർഷം | SRG<br>class Teacher. |

# പൊതുലക്ഷ്യങ്ങൾ.

* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക പാക്കേജ്.
* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
* വായന ഒരു സംസ്കാരമായി മാറുന്നതിനുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
* പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുകയും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ പിന്തുണയും നൽകുന്നു.
* 1 മുതൽ 4 വരെ കുട്ടികൾക്ക് പാഠഭാഗവുമായി ബന്ധപ്പെട്ട് Worksheet നൽകുന്നു.
* ഓരോ ടേമിലും നേടേണ്ട പഠനലക്ഷ്യങ്ങൾ രക്ഷിതാക്കൾക്ക് മുൻകൂട്ടി നൽകും.
* കൃഷി, ഔഷധത്തോട്ടം, പൂന്തോട്ടം എന്നിവ മികവുറ്റതാക്കുന്നു.
* രക്ഷിതാക്കൾക്ക് ബോധവത്കരണം നൽകുന്നു.
* CPTA കാര്യക്ഷമമാക്കും.
* പ്രീ ടെസ്റ്റ് നടത്തുന്നു.

# ലക്ഷ്യങ്ങൾ

## ഭാഷാവികാസം

* എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
* എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്നുറപ്പ് വരുത്തുക.
* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
* സർഗാത്മക രചനക്കുള്ള അവസരം സൃഷ്ടിക്കുക.
* മികച്ച വായനാശീലം വളർത്തുക.
* സാഹിത്യ അഭിരുചി വളർത്തുക.

## ഇംഗ്ലീഷ്

* ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
* സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
* സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
* സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് സാധ്യമാക്കുക.
* ആശയവിനിമയരീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
* ക്ലാസ്സ് തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് വായന കാർഡുകൾ പുസ്തകങ്ങൾ സജ്ജീകരിക്കുക
* ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ വർക്ക്ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

## പരിസരപഠനം

* ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
* പരിസരം ഒരു പാഠപുസ്തകമാക്കി മാറ്റുക.
* ജൈവ വൈവിധ്യങ്ങൾ തിരിച്ചറിയുന്നതിനും. ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതിനും.
* ശാസ്ത്രമേള സജ്ജമാക്കുക.

## ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
* ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക.
* ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
* ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
* ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## കലാപരിശീലനം

* കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
* കലാഭിരുചി വളർത്തുക.
* ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
* ICT കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം.

* എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
* ആരോഗ്യ ശീലങ്ങൾ വളർത്തുക.
* സ്കൂൾ പരിസരം മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.
* ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

## ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

* വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
* അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക.
* സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

മലയാളം / പഠനപിന്നോക്കാവസ്ഥ (അക്ഷരം)

**പേര് :- എന്റെ ചങ്ങാതി പുസ്തകം**

**ഉപമേഖല :- വായന.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക. | ക്ലാസ് ലൈബ്രറി വിപുലീകരണം. പുസ്തക പ്രദർശനം. വിതരണം. | ആഴ്ചയിൽ ഒരു പുസ്തകം | ക്ലാസ് ടീച്ചർ. |
| വിശാല വായനാശീലം വളർത്തുക. | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ. | ജൂൺ 3 മുതൽ മാർച്ച് വരെ. | PTA |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിവിധ ദിനാചരണങ്ങൾ, വിദ്യാലയ വിശേഷങ്ങൾ ഉൾക്കൊള്ളിച്ച പതിപ്പുകൾ തയ്യാറാക്കൽ | മാസം | ക്ലാസ് ടീച്ചർ. |

**പേര് :- എന്റെ വായനാകുറിപ്പുകൾ**

**ഉപമേഖല :- ലേഖനം.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസിൽ വായനാകാർഡ്) | ജൂൺ 3 മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. |

പേര് : രചനോത്സവം

ഉപമേഖല :- ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | വിവിധ വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ. (അധ്യാപകർ നൽകിയത് മാതൃകയാക്കൽ) | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ. |

പേര് :- സംയുക്ത ഡയറി

ഉപമേഖല :- ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| സ്വന്തം ആശയങ്ങൾ ക്രോഡീകരിച്ചെഴുതുന്നതിനും ചെറുവാക്യങ്ങൾ എഴുതി ശീലിക്കുന്നതിനും | ദൈനംദിന കാര്യങ്ങൾ രക്ഷിതാവിന്റെ സഹായത്തോടെ എഴുതുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ |

പേര് :- സചിത്ര പാഠപുസ്തക രൂപീകരണം.

ഉപമേഖല :- ആശയഗ്രഹണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതലക്കാർ |
|---|---|---|---|
| ആശയവിനിമയ ശേഷി നേടുന്നതിന് | പാഠഭാഗങ്ങൾ ചിത്ര സഹിതം രൂപീകരിക്കൽ. വായനാവിനോദത്തിൽ ഉള്ളവർക്ക് പ്രത്യേക പരിശീലനം. | ജൂൺ - മാർച്ച് ആദ്യ ടേം. | ക്ലാസ് ടീച്ചർ. |

പേര്: ഗണിതം മധുരം
ഉപമേഖല: ഗണിതകേളി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| അടിസ്ഥാനഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്ത് ശില്പശാലകൾ. | ജൂൺ മുതൽ സെപ്തംബർ വരെ. | ഗണിതക്ലബ് ക്ലാസ്സ് ടീച്ചർ. |

പരിസര പഠനം

പേര്: ശാസ്ത്ര പഠനോപകരണ ശില്പശാല.
ഉപമേഖല: ശാസ്ത്രമേള.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കൽ. | ഓരോ ക്ലാസ്സിനും പഠനപ്രവർത്തനങ്ങൾക്കനുസൃതമായി സാമഗ്രികൾ ഒരുക്കൽ | ഓരോ ടേമിലും. | ക്ലാസ് ടീച്ചർ. |

പേര്: എന്റെ പരീക്ഷണം [കുറിപ്പ് തയ്യാറാക്കൽ]
ഉപമേഖല: ശാസ്ത്ര അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
|---|---|---|---|
| ശാസ്ത്ര പഠന താല്പര്യം വളർത്തുക | പരീക്ഷണ കുറിപ്പ് | June to | ക്ലാസ് ടീച്ചർ |

പേര് : ക്ലാസ് P.T.A

ഉപമേഖല : P.T.A ശാക്തീകരണം [സമ്പൂർണ്ണ P.T.A]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ശേഷികൾ ഉറപ്പിച്ചു എന്ന് ഉറപ്പാക്കൽ. സമ്പൂർണ്ണ പങ്കാളിത്തം | ഓരോ ക്ലാസ്സിലും. ഓരോ ടേമിലും നേടേണ്ട ശേഷികൾ അവതരണം. നോട്ടീസ് ക്ഷണിച്ചുവരുത്തൽ. | ഓരോ ടേമിലും. | ക്ലാസ്സ് ടീച്ചർ |

പേര് : യൂണിറ്റ് വിലയിരുത്തൽ.

ഉപമേഖല : യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ യൂണിറ്റിലും നേടേണ്ട ശേഷികൾ കൈവരിച്ചു എന്നുറപ്പാക്കൽ. | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു. | June to MARCH. | ക്ലാസ് ടീച്ചർ |

## സാമൂഹികാവബോധം

പേര് : അതിഥിയെ അറിയാം.

ഉപമേഖല: സാമൂഹ്യഅവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവിധ മേഖലകളിൽ പ്രശസ്തരായവരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നതിലൂടെ സാമൂഹികത്വം, മൂല്യ അവബോധം ലഭ്യമാക്കുന്നതിന്. | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരം. വിവിധ വർക്ക് മോഡലുകൾ കൊണ്ടു ദൃശ്യാവതരണം നടത്തുന്നു. | മാസത്തിൽ | ക്ലാസ് ടീച്ചർ |

പ്രവർത്തനം : 1 ഇംഗ്ലീഷ്

പേര് : ഇംഗ്ലീഷ് അസംബ്ലി.

ഉപമേഖല : പ്രകടന വേദികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലൂടെ ഉള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക | അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | June to MARCH. | ഓരോ ആഴ്ച. ഓരോ അധ്യാപകർ. |

പേര് : Reading Card Workshop.

ഉപമേഖല : വായനസാമഗ്രി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലൂടെ ഉള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | രക്ഷിതാക്കളുടെ സഹായത്തോടെ ഇംഗ്ലീഷ് Readingcard തയ്യാറാക്കൽ. | June to September. | P.T.A English club. |

പേര് : Worksheet Workshop.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | പഠനം പിന്നോക്ക അവസ്ഥയുള്ള ഭിന്ന നിലവാരക്കാരായ കുട്ടികൾക്ക് വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | August | മുഴുവൻ അധ്യാപകരും |

# പ്രവൃത്തി പരിചയം

പേര്:- പ്രവൃത്തി പരിചയ ശില്പശാല.

ഉപമേഖല :- നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കാൻ ചൂരൽ, പേപ്പർ വസ്തുക്കൾ ല.... | സെപ്തംബർ | ക്ലാസ് ടീച്ചർ. |

പേര് : സർഗവേള

ഉപമേഖല : പ്രകടന വേദികൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ വളർത്തുന്നു. | ആഴ്ചയിൽ ഒരുദിവസം സർഗവേള | എല്ലാ ആഴ്ചയിലും | ക്ലാസ്ടീച്ചർ. |

പേര് : ആരോഗ്യ കായിക വിദ്യാഭ്യാസം

ഉപമേഖല :- ആരോഗ്യം വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല. |
|---|---|---|---|
| [illegible]ിന്റെ ശരാശരി [illegible]ുടെ ബോധ്യപ്പെ-ടുത്തി ആരോഗ്യ ലക്ഷ്യം കൈവരിക്കുന്നതിന് [illegible]മാക്കുക. | Health checkup. കായിക പരിശീലനങ്ങൾ | ജൂൺ ഒക്ടോബർ. | PTA |

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു പ്രവർത്തനങ്ങൾ - ഒരുക്കങ്ങൾ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| മറ്റുള്ള കുട്ടികൾക്കൊപ്പം പ്രത്യേക പരിഗണന അർഹിക്കുന്നവരെ കൂടെ നിന്ന് മുഖ്യധാരയിലേക്ക് എത്തിക്കുക. | അക്ഷര ചിത്രങ്ങൾ നിറം നൽകൽ വരയ്ക്കാം. വടികൊണ്ടിക്കാം ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ. | ജൂൺ<br>മാർച്ച് | Class Teacher<br>IED |